# M.J.S.S.A. വാർഷിക പരീക്ഷ 2019

**Class XI Reg.No. ..................... Marks -100**

**Signature. ....................... Time 2.30 Hrs.**

**ഉത്തരം എഴുതുക. 10x1 = 10**

1. വി.ഗ്രന്ഥത്തിന്റെ ഔദ്യോഗിക പരിഭാഷ പ്ശീത്തോ സുറിയാനിയിൽ നിന്നും മലയാളത്തിലേയ്ക്ക് നിർവ്വഹിച്ചതാര് ?
2. വി.യോഹന്നാൻ ശ്ലീഹയുടെ ആസ്ഥാനം സ്ഥിതി ചെയ്തിരുന്ന പട്ടണം ?
3. വിശുദ്ധാത്മാവിന്റെ അഭിഷേകം മൂലം വിശ്വാസികൾക്കു ലഭിക്കുന്നതെന്ത്?
4. പുനരുത്ഥാനം ചെയ്ത കർത്താവ് സ്വർഗ്ഗാരോഹണത്തിന് മുമ്പ് സ്ഥാപിച്ചതും പെന്തിക്കോസ്തി നാളിൽ പ്രയോഗത്തിൽ വന്നതുമായ കൂദാശ ?
5. വി.യോഹന്നാന്റെ വെളിപ്പാടിൽ ഞായറാഴ്ചയ്ക്കുപയോഗിച്ചിരുന്ന പദം?
6. സമുദ്രത്തിന്റെ അടിത്തട്ടിലുള്ള പവിഴമുത്തുകൾ പെറുക്കിയെടുത്ത് പാവപ്പെട്ടവർക്ക് വിതരണം ചെയ്ത പിതാവ് ?
7. 'ഗലീയുസ് അഫേ' എന്ന ഗ്രീക്കു വാക്കിന്റെ അർത്ഥം ?
8. മൂറോൻ കൂടാതെ മാമ്മോദീസ ഒരിക്കലും പൂർണ്ണമാകുന്നില്ല എന്നു പറഞ്ഞത് ആര് ?
9. പരി.സഭയുടെ എല്ലാ കൂദാശകളും പൂർത്തീകരിക്കപ്പെടുന്നത് ഏത് കൂദാശയിലൂടെയാണ് ?
10. സുറിയാനിക്കാരുടെ കിരീടം എന്ന് തുബ്ദേനിൽ വിശേഷിപ്പിക്കപ്പെടുന്ന പിതാവ് ?

**ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക 10x2 = 20**

11. മൂറോൻ കുപ്പി കയ്യിൽ എടുത്തുകൊണ്ട് പ്രാർത്ഥിക്കുന്നത് എന്തിനെ അനുസ്മരിക്കുന്നു ?
12. പുതിയനിയമത്തിൽ രഹസ്യം എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?
13. ഓരോ വി.കുർബ്ബാനയും വി.ബലി ആണെന്നു സുറിയാനി സഭ പഠിപ്പിക്കുന്നു. എന്തുകൊണ്ട് ?
14. അപ്പോസ്തോലിക കാലത്ത് ഞായറാഴ്ച ഒരുമിച്ച് കൂടുന്നതിന്റെ പ്രധാന ഉദ്ദേശ്യം എന്തായിരുന്നു ?
15. സഭയുടെ എല്ലാ ആരാധനയിലും, കൂദാശകളിലും പ്രഥമസ്ഥാനം വി.ഗ്രന്ഥത്തിനു നൽകുന്നതെന്തുകൊണ്ട് ?
16. വേദപുസ്തകം രൂപപ്പെടുന്നതിനു മുമ്പേ ഉണ്ടായിരുന്ന പാരമ്പര്യങ്ങൾ രണ്ടായി ഗണിക്കപ്പെട്ടു. ഏതെല്ലാം ?
17. വി.ഗ്രന്ഥം മൂന്നു ഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു. അവ ഏതെല്ലാം?
18. അപ്പോസ്തോലിക സഭയിൽ ഉണ്ടായിരുന്ന സ്ഥാനികൾ ഏതെല്ലാം ?
19. ക്രിസ്തീയ സഭയിൽ നിലനിൽക്കുന്ന സ്നാനങ്ങൾ ഏവ ?

*മറുപുറം*



20. പുതിയനിയമം നമുക്ക് രണ്ടുവ്യത്യസ്ത ലോകങ്ങളെ കുറിച്ച് അറിവു നൽകുന്നു. ഏതെല്ലാം ?

**ബൈബിൾ റഫറൻസ് സഹിതം ആശയം വിശദീകരിക്കുക 5x3 = 15**

21. "മനുഷ്യൻ ദൈവത്തെയല്ല, ദൈവം മനുഷ്യനെ തിരഞ്ഞെടുക്കുകയാണ് ചെയ്തിട്ടുള്ളത്. "
22. "വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. "
23. "പിതാവ് ഇതിനായി അവനെ മുദ്രകുത്തിയിരിക്കുന്നു."
24. "ആകയാൽ രക്ഷയുടെ ഉറവിൽ നിന്ന് നിങ്ങൾ സന്തോഷത്തോടെ വെള്ളം കോരുവിൻ."
25. "ആകയാൽ മ്ശിഹായിൽ ജീവിക്കുന്ന ഏവനും പുതിയ സൃഷ്ടിയാകുന്നു. പഴയവ കടന്നു പോയിരിക്കുന്നു."

**ലഘു ഉപന്യാസം എഴുതുക** (ഒരു പേജിൽ കവിയാതെ) **3x5 = 15**

26. വി.ഗ്രന്ഥത്തിന് സഭയിലുള്ള സ്ഥാനം വിശദമാക്കുക.
27. വി.മൂറോൻ അഭിഷേകത്താൽ ലഭിക്കുന്ന 5 കൃപാവരങ്ങളുടെ ലഘു വിവരണം നൽകുക.
28. ഇന്നു നേരിടുന്ന മൂല്യപ്രതിസന്ധിയെ പ്രോത്സാഹിപ്പിക്കുന്ന 6 ഘടകങ്ങൾ പാഠഭാഗത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തമാക്കുക.

**ഉപന്യസിക്കുക** (മൂന്നു പേജിൽ കവിയരുത്) **12**

29. മാമ്മോദീസ ക്രമത്തിന്റെ ഒന്നാം ഭാഗമായ 'ഒരുക്കം- വിശദീകരിക്കുക.

**അല്ലെങ്കിൽ**

വി . കുർബ്ബാനയിൽ സംബന്ധിക്കുമ്പോൾ നമുക്കു എന്ത് സംഭവിക്കുന്നു വി.ബൈബിൾ അടിസ്ഥാനത്തിൽ പരിശോധിക്കുക

30. ജീവിത യാത്രയിൽ വഴിതെറ്റാതെ നേരായ മാർഗ്ഗത്തിൽ ചലിക്കാൻ വേണ്ട അടിസ്ഥാന മൂല്യങ്ങൾ, മൂല്യാധിഷ്ഠിത ജീവിതത്തിന് മാതൃകയായ യോഹന്നാൻ സ്നാപകനിൽ ദർശിക്കാവുന്ന മൂല്യങ്ങൾ എന്നിവ വിശദമാക്കുക.

**അല്ലെങ്കിൽ 12**

കൊലോസ്യ ലേഖനം രണ്ടാം അദ്ധ്യായത്തിലെ 23 വാക്യങ്ങളിലൂടെ വി.പൗലോസ് വ്യക്തമാക്കുന്ന ആശയം വിശദീകരിക്കുക.

**ഗീതം പൂരിപ്പിക്കുക 6**

31. നിൻ വത്സലർ പന്തിരുശ്ലീഹർ ...............
........ ഭക്ഷിച്ച് നിൻസ്തുതി പാടട്ടെ

**പ്രാർത്ഥന പൂർത്തിയാക്കുക 10**

32. കർത്താവെ നിന്നെ സ്തുതിക്കുന്നതും ഉന്നതമായ .............
.................. ഞങ്ങളുടെ രോഗാവസ്ഥയ്ക്ക് പരിഹാരം നൽകണമെ.

**അല്ലെങ്കിൽ**

കർത്താവിന് സ്തോത്രം ചൊല്ലുവാനും ഉയരപ്പെട്ട .........
.................... പാപരോഗങ്ങളെ സൗഖ്യമാക്കണമെ. ആമ്മീൻ